# കേരള സർവകലാശാല

നം. പി.ആർ.059/2017 ഫോൺ : 2305738

## പത്രക്കുറിപ്പ്

### പി.എച്ച്.ഡി നൽകും

ശ്രീമതി.അൻസമ്മ ജോൺ (കമ്പ്യൂട്ടർ സയൻസ് ആന്റ് എഞ്ചിനീയറിംഗ്), ശ്രീമതി.ദിവ്യ.ബി.ടി (ബയോകെമിസ്ട്രി), ശ്രീമതി.ആർ.നിഷ നായർ, ശ്രീമതി.രചന മോൾ ആർ.എസ്, ശ്രീ.ബിനിൽ രാജ്.എസ്.എസ്, ശ്രീമതി.സംഗീത.ബി.ജി, ശ്രീമതി.ദിവ്യ ബാലകൃഷ്ണൻ, ശ്രീമതി.പാർവ്വതി.എം (ബയോടെക്നോളജി), ശ്രീമതി.നിമ ജയചന്ദ്രൻ, ശ്രീമതി.നമിത.എൽ.കെ (കെമിസ്ട്രി), ശ്രീമതി.അനന്തലക്ഷ്മി.എൻ.ബി, ശ്രീമതി.വിദ്യ.സി, ശ്രീമതി.ദിവ്യ.വി.എച്ച്, ശ്രീമതി.കമലനാഥ്.എൻ.എം (ഹിന്ദി), ശ്രീ.അബ്ദുള്ള ഷാ.ആർ (സംസ്കൃതം), ശ്രീമതി.ഹമ്മേമ.എം (ലോ), ശ്രീമതി.സന്ധ്യ.സി.വി (ഫിലോസഫി), ശ്രീ.രാജീവ്.എം.കെ (മലയാളം), ശ്രീമതി.രഞ്ചിനി.ആർ (ഇംഗ്ലീഷ്), ശ്രീ.വർഗീസ്.പി.ജെ (പൊളിറ്റിക്കൽ സയൻസ്), ശ്രീ.ബാലകൃഷ്ണൻ.എ (ഹിസ്റ്ററി), ശ്രീമതി.അഖില.വി.ജി, ശ്രീമതി.രജനി.ആർ (എഡ്യൂക്കേഷൻ), ശ്രീമതി.സൗമ്യ.സി (മാനേജ്മെന്റ് സ്റ്റഡീസ്), ശ്രീ.മാത്യു സ്കറിയ (മെക്കാനിക്കൽ എഞ്ചിനീയറിംഗ്), ശ്രീമതി.ദീപ രാജ് (സിവിൽ എഞ്ചിനീയറിംഗ്), ഫതേമ ജൊഹാരിഫത് (ലിംഗിസ്റ്റിക്സ്) എന്നിവർക്ക് പി.എച്ച്.ഡി നൽകാൻ സിൻഡിക്കേറ്റ് യോഗം തീരുമാനിച്ചു.

### ലക്ചറർ : അപേക്ഷ ക്ഷണിച്ചു

കേരള സർവകലാശാല കമ്പ്യൂട്ടർ സയൻസ് പഠനവകുപ്പിൽ കരാറടിസ്ഥാനത്തിൽ ലക്ചറർ നിയമനത്തിന് അപേക്ഷ ക്ഷണിച്ചു. അവസാന തീയതി മാർച്ച് 28. വിശദവിവരങ്ങൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) **Job Notifications** എന്ന ലിങ്കിൽ ലഭിക്കും.

### ബി.ബി.എ പരീക്ഷ

കേരള സർവകലാശാല വിദൂര വിദ്യാഭ്യാസ പഠനകേന്ദ്രം മാർച്ച് 27-ന് ആരംഭിക്കുന്ന അഞ്ചാം സെമസ്റ്റർ ബി.ബി.എ (റെഗുലർ 2014 & സപ്ലിമെന്ററി 2013) പരീക്ഷയ്ക്ക് തിരുവനന്തപുരം പരീക്ഷാകേന്ദ്രമായി ആവശ്യപ്പെട്ട വിദ്യാർത്ഥികൾ പാളയത്തെ വിദൂര വിദ്യാഭ്യാസ കേന്ദ്രത്തിൽ നിന്നും ഹാൾടിക്കറ്റ് വാങ്ങി അവിടെ തന്നെ പരീക്ഷയെഴുതണം. കൊല്ലം പരീക്ഷാകേന്ദ്രമായി ആവശ്യപ്പെട്ട വിദ്യാർത്ഥികൾ കൊല്ലം ടി.കെ.എം ആർട്സ് ആന്റ് സയൻസ് കോളേജിൽ നിന്നും ഹാൾടിക്കറ്റ് വാങ്ങി അവിടെ തന്നെ പരീക്ഷയെഴുതണം. ചേർത്തല, കോട്ടയം, കണ്ണൂർ എന്നീ കേന്ദ്രങ്ങൾ ആവശ്യപ്പെട്ട വിദ്യാർത്ഥികൾ ചേർത്തല എസ്.എൻ. കോളേജിൽ നിന്നും ഹാൾടിക്കറ്റ് വാങ്ങി അവിടെ തന്നെ പരീക്ഷയെഴുതണം.

### ബി.കോം പരീക്ഷ

കേരള സർവകലാശാല മെയ് മാസത്തിൽ ആരംഭിക്കുന്ന ഒന്നും രണ്ടും വർഷ ബി.കോം (ആന്വൽ സ്കീം) പാർട്ട് ഒന്ന്, രണ്ട് പരീക്ഷകൾക്ക് പിഴകൂടാതെ

മാർച്ച് 25 (50 രൂപ പിഴയോടെ മാർച്ച് 29, 250 രൂപ പിഴയോടെ മാർച്ച് 31) വരെയും അപേക്ഷിക്കാം. 2014 അഡ്മിഷൻ മുതലുള്ളവർ (www.de.keralauniversity.ac.in എന്ന വെബ്സൈറ്റ് മുഖേന) ഓൺലൈനായി മാത്രം അപേക്ഷിക്കണം. സപ്ലിമെന്ററി പരീക്ഷയെഴുതിയവർക്ക് പരീക്ഷാഫലം വന്നതിന് ശേഷം അപേക്ഷിക്കാം.

## ബി.എഡ് മോക് ടെസ്റ്റ്

കേരള സർവകലാശാല നടത്തുന്ന നാലാം സെമസ്റ്റർ ബി.എഡ് ഓൺലൈൻ പരീക്ഷയുടെ (മാർച്ച് 2017) മോക് ടെസ്റ്റ് വെബ്സൈറ്റിൽ (www.keralauniversity.ac.in/BEdMockTest) ലഭിക്കും.

## ദേശീയ സെമിനാർ

കേരള സർവകലാശാല ചരിത്ര പഠനവകുപ്പിന്റെ ആഭിമുഖ്യത്തിൽ സംഘടിപ്പിച്ച ഡോ.കെ.കെ.കുസുമൻ അനുസ്മരണ പ്രഭാഷണവും 'പീപ്പ്ൾസ് സ്ട്രഗിൾ ആന്റ് മൂവ്മെന്റ്സ് ഫോർ ആൻ ഇക്വിറ്റബിൾ സൊസൈറ്റി ' എന്ന വിഷയത്തിൽ നടത്തിയ ദേശീയ സെമിനാറും സെനറ്റ് ചേംബറിൽ മാർച്ച് 18-ന് രാവിലെ പ്രോ വൈസ് ചാൻസിലർ ഡോ. എൻ. വീരമണികണ്ഠൻ ഉദ്ഘാടനം ചെയ്തു. കാലിക്കറ്റ് സർവകലാശാല മുൻ വൈസ് ചാൻസിലർ ഡോ.കെ.കെ.എൻ കുറുപ്പ് അനുസ്മരണ പ്രഭാഷണം നടത്തി. ചരിത്ര വിഭാഗം മേധാവി ഡോ.വി.സതീഷ് സ്വാഗതവും ഡോ.സുരേഷ് ജ്ഞാനേശ്വരൻ നന്ദിയും പറഞ്ഞു.




(ഡോ.കെ.കെ.കുസുമൻ അനുസ്മരണ പ്രഭാഷണവും 'പീപ്പ്ൾസ് സ്ട്രഗിൾ ആന്റ് മൂവ്മെന്റ്സ് ഫോർ ആൻ ഇക്വിറ്റബിൾ സൊസൈറ്റി ' എന്ന വിഷയത്തിൽ നടത്തിയ ദേശീയ സെമിനാറും സെനറ്റ് ചേംബറിൽ മാർച്ച് 18-ന് രാവിലെ പ്രോ വൈസ് ചാൻസിലർ ഡോ. എൻ. വീരമണികണ്ഠൻ ഉദ്ഘാടനം ചെയ്യുന്നു).

## ജൂനിയർ  റിസർച്ച് ഫെലോ ഒഴിവ്

കേരള സർവകലാശാല കാര്യവട്ടം ഇന്റർനാഷണൽ ആൻഡ് ഇന്റർ യൂണിവേഴ്സിറ്റി സെന്റർ ഫോർ നാച്വറൽ റിസോഴ്സസ് മാനേജ്മെന്റിൽ ജൂനിയർ റിസർച്ച് ഫെലോ ഒഴിവിലേക്ക് താൽക്കാലിക നിയമനത്തിന് അപേക്ഷ ക്ഷണിച്ചു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ (www.keralauniversity.ac.in)  Job Notifications എന്ന ലിങ്കിൽ ലഭിക്കും.

## ബി.ടെക് ടൈംടേബിൾ

കേരള സർവകലാശാല മാർച്ച്/ഏപ്രിലിൽ നടത്തുന്ന ഏഴാം സെമസ്റ്റർ ബി.ടെക് (പാർട്ട് ടൈം–2008 സ്കീം) റെഗുലർ / സപ്ലിമെന്ററി പരീക്ഷ യുടേയും ഏഴാം സെമസ്റ്റർ 2008 സ്കീം കോഴ്സ് കോഡിൽ വരുന്ന എട്ടാം സെമസ്റ്റർ, ആറാം സെമസ്റ്റർ,അഞ്ചാം സെമസ്റ്റർ ബി.ടെക് പാർട്ട് ടൈം റീസ്ട്ര ക്ചേർഡ് പരീക്ഷയുടേയും ടൈംടേബിൾ വെബ്സൈറ്റിൽ (www.keralauniversity.ac.in)  ലഭിക്കും.

തിരുവനന്തപുരം.
18.03.2017

പബ്ലിക് റിലേഷൻസ് ഓഫീസർ

അംഗീകാരത്തോടെ,

സെക്ഷൻ ഓഫീസർ

e-mail: ku.release@gmail.com website: www.keralauniversity.ac.in

University information is available on 0471-2305994, 155300 (BSNL Land line), 0471-155300 (from mobile) 0471-2115054 and 0471-2115098